സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ക്ഷേത്ര ജീവനക്കാർക്കായി സംവരണം ചെയ്തിട്ടുള്ള 35 % ഗാർഡ് തസ്തികയിലേക്കുള്ള നിയമനം – ലിസ്റ്റിലുള്ളവർക്ക് physical efficiency test നടത്തുന്ന സംഗതി സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC 9292/16//Est-2** നന്തൻകോട്, **3 /4/2017**

---

പരാമർശം :– 1) 09-8-2016 ലെ മേൽ നമ്പർ ബോർഡുത്തരവ്.

2) ദേവസ്വം കമ്മീഷണറുടെ 22-02-2017 ലെ ROC 16321/15/Est-B നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ദേവസ്വം ഗാർഡ് തസ്തികയിൽ ഒഴിവുകളുടെ 35 % ക്ഷേത്ര ജീവനക്കാരക്കായി സംവരണം ചെയ്തതിന്റെ അടിസ്ഥാനത്തിൽ ക്ഷേത്ര ജീവനക്കാരിൽ നിന്നും അപേക്ഷ ക്ഷണിച്ച് തയ്യാറാക്കിയിട്ടുള്ള ലിസ്റ്റിൽപ്പെട്ട ജീവനക്കാർക്ക് physical efficiency test നടത്തി അന്തിമ ലിസ്റ്റ് തയ്യാറാക്കി അംഗീകാരത്തിനായി സമർപ്പിക്കുന്നതിന് ദേവസ്വം കമ്മീഷണറെ ചുമതലപ്പെടുത്തി ബോർഡുത്തരവായി (പരാമർശം –1).

പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് physical efficiency test നടത്തുന്നതിന് സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് & സെക്യൂരിറ്റി) നെ ചുമതലപ്പെടുത്തിയതായും ടി സംഗതി സംബന്ധിച്ച് നേരിട്ട് ചർച്ച നടത്തിയതായും ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള പല ജീവനക്കാരും 50 വയസ്സിനു മേൽ പ്രായമുള്ളവരായതിനാൽ ടിയാളുകൾക്ക് ഗാർഡ് തസ്തികയിലേക്ക് നേരിട്ടുള്ള നിയമനത്തിന് നിഷ്കർഷിച്ചിട്ടുള്ള physical efficiency test നടത്തുക അപ്രായോഗികവും അനുചിതവും ആയിരിക്കുമെന്നും ആകയാൽ ടി സംഗതി സംബന്ധിച്ച് വ്യക്തത വരുത്തി ഉത്തരവ് ഉണ്ടാകണമെന്നും വിവരിച്ച് ദേവസ്വം കമ്മീഷണർ റിപ്പോർട്ട് ചെയ്തു (പരാമർശം –2).

ഇക്കാര്യം ബോർഡ് പരിശോധിച്ച് ചർച്ച ചെയ്തു. ദേവസ്വം കമ്മീഷണറുടെ ശുപാർശ പരിഗണിച്ച് സ്ട്രോംഗ് റൂം ഗാർഡ് തസ്തികയിൽ ക്ഷേത്ര ജീവനക്കാർക്കായി സംവരണം ചെയ്തിട്ടുള്ള ഒഴിവുകളിലേക്ക് നിയമനം നടത്തുമ്പോൾ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് ശാരീരിക ക്ഷമത ഉറപ്പാക്കുന്നതിലേക്ക് മെഡിക്കൽ സർട്ടിഫിക്കറ്റ് മാത്രം നിഷ്കർഷിക്കുന്നതിനും കൂടാതെ ഓരോ വർഷവും ലിസ്റ്റ് പുതുക്കേണ്ടതുള്ളതിനാൽ നിലവിലുള്ള ഒഴിവിന്റെ മൂന്നിരട്ടി ആൾക്കാരെ മാത്രം ഉൾക്കൊള്ളിച്ച് ലിസ്റ്റ് തയ്യാറാക്കുകയും നിയമനം കഴിഞ്ഞ് ബാക്കിയുള്ളവരെ ഉൾപ്പെടുത്തി അടുത്ത വർഷം ലിസ്റ്റ് തയ്യാറാക്കുകയും ചെയ്യുന്ന രീതി ഇക്കാര്യത്തിൽ നടപ്പിൽ വരുത്തുന്നതിനനുവദിച്ചും ബോർഡുത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

സെക്രട്ടറി

പകർപ്പ് :-

1. സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് & സെക്യൂരിറ്റി)
2. സെക്ഷൻ ഫയൽ
3. ഫയൽ ബുക്ക്
4. ഫെയർ ആഫീസ് കോപ്പി.

E.O.P